**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 362** **08-08-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണവകുപ്പിന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വികേന്ദ്രീകൃതാസൂത്രണം നടപ്പാക്കിയതിനെ തുടർന്ന് ഏതെല്ലാം സ്ഥാപനങ്ങളാണ് ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും കൈമാറിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | **വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.** |
| (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിന്റേതല്ലാത്തതും മറ്റ് വകുപ്പുകളിൽ നിന്നും കൈമാറിയിട്ടുള്ളതുമായ സ്ഥാപനങ്ങളിലുണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനുള്ള നിയമനാധികാരം നിലവിൽ ആരിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്നും ഇതുസംബന്ധിച്ച് സർക്കാർ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) | **നിയമനാധികാരം അതാത് വകുപ്പുകളിൽ നിക്ഷിപ്തമാണ്.** |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിലും ആംബുലൻസുകളും മറ്റ് വാഹനങ്ങളും പ്രവർത്തനരഹിതമായോ ഉപേക്ഷിക്കപ്പെട്ട നിലയിലോ കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | **വിവരം ശേഖരിച്ചുവരുന്നു.** |
| (ഡി) | ഉണ്ടെങ്കിൽ ഇവയുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കുന്നതിനും ഉപയോഗശൂന്യമായവ നിയമാനുസൃത ലേല നടപടികളിലൂടെ ഒഴിവാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | **വിവരം ശേഖരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ഗ്രാമ പഞ്ചായത്ത്

1) അതതു സ്ഥലത്തെ കൃഷിഭവൻ

2) അതതു സ്ഥലത്തെ വെറ്ററിനറി സബ്സെന്റർ, വെറ്ററിനറി ഡിസ്പെൻസറി/ആശുപത്രി

3) അതത് സ്ഥലത്തെ ഡേകെയർ സെന്ററുകളും അംഗൻവാടികളും

4) അതത് സ്ഥലത്തെ ബാലവാടികൾ, ബാലവാടി കം ഫീഡിംഗ് സെന്റർ,സീസണൽ ഡേ കെയർ സെന്റർ, ഡോർമിറ്ററി (പട്ടികജാതി വികസന വകുപ്പ്)

5) അതത് സ്ഥലത്തെ ബാലവാടികൾ, മെഡിക്കൽ യൂണിറ്റ്, നഴ്സറി സ്കൂളുകൾ, മിഡ്‌വൈഫറി സെന്ററുകൾ, ആയുർവേദ ഡിസ്പെൻസറികൾ (പട്ടിക വർഗ്ഗ വികസന വകുപ്പ്)

6) അതത് സ്ഥലത്തെ ഹെൽത്ത് സെന്റർ, ഗവൺമെന്റ് ഡിസ്പെൻസറി

7) അതത് സ്ഥലത്തെ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, ആശുപത്രി

8) അതത് സ്ഥലത്തെ ഗവൺമെന്റ് ഹോമിയോപ്പതി ഡിസ്പെൻസറി, ആശുപത്രി

9) അതത് സ്ഥലത്തെ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകൾ

ഇവയ്ക്കു പുറമെ ക്ഷീര വികസന വകുപ്പിൽ നിന്നും ഡയറി എക്സ്റ്റൻഷൻ ഓഫീസർ തസ്തിക, മത്സ്യ ബന്ധന വകുപ്പിൽ നിന്നും ഒരു ഫിഷറീസ് സബ്ഇൻസ്പെക്ടർ തസ്തിക (ആവശ്യമായ ഗ്രാമപഞ്ചായത്തുകളിൽ മാത്രം), ഗ്രാമവികസന വകുപ്പിൽ നിന്നും രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തിക, പൊതുമരാമത്ത് വകുപ്പിൽ നിന്നും ഒരു പബ്ലിക് വർക്ക്സ് ഓവർസിയർ എന്നീ തസ്തികകളും ഗ്രാമപഞ്ചായത്തിന് കൈമാറി നൽകിയിട്ടുണ്ട്.

## ബ്ലോക്ക് പഞ്ചായത്ത്

1) അതത് സ്ഥലത്തെ കെയർഹോമുകളും ഓൾഡ് ഏജ് ഹോമുകളും, അതുപോലുള്ള മറ്റ് സ്ഥാപനങ്ങളും

2) അതത് സ്ഥലത്തെ പ്രീമെട്രിക് ഹോസ്റ്റലുകൾ

3) അതത് സ്ഥലത്തെ ബ്ലോക്ക് ലെവൽ പ്രൈമറി ഹെൽത്ത് സെന്റർ/ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി/ഗവൺമെന്റ് ആശുപത്രി

4) അതത് സ്ഥലത്തെ താലൂക്ക് ആശുപത്രി (ആയുർവേദ വകുപ്പ്)

5) അതത് സ്ഥലത്തെ താലൂക്ക് ആശുപത്രി (ഹോമിയോ വകുപ്പ്)

ഇവയ്ക്ക് പുറമെ കൃഷി വകുപ്പിൽ നിന്നും ഒരു അസിസ്റ്റന്റ് ഡയറക്ടർ തസ്തികയും, വ്യവസായ വകുപ്പിൽ നിന്നും ഒരു ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയും, ഗ്രാമവികസന വകുപ്പിൽ നിന്നും ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ തസ്തികയും അനുബന്ധ തസ്തികകളും ബ്ലോക്ക് പഞ്ചായത്തിന് കൈമാറി നൽകിയിട്ടുണ്ട്.

## ജില്ലാപഞ്ചായത്ത്

1) അതത് സ്ഥലത്തെ മണ്ണുപരിശോധനാ ലബോറട്ടറി

2) മൊബൈൽ മണ്ണുപരിശോധനാ ലബോറട്ടറി

3) ജില്ലാ വില്പന കേന്ദ്രം

4) ജില്ലാ കൃഷിതോട്ടം /തെങ്ങിൻതൈ നഴ്സറി

5) അതത് സ്ഥലത്തെ വെറ്ററിനറി പോളി ക്ലിനിക്, ഐ.സി.ഡി.പി ഏര്യ ഓഫീസ്, മൊബൈൽ വെറ്ററിനറി ഡിസ്പെൻസറി, മൊബൈൽ ഫാം യൂണിറ്റ്, ജില്ലാ വെറ്ററിനറി കേന്ദ്രത്തോട് ബന്ധപ്പെട്ടതല്ലാത്ത ക്ലിനിക്കൽ ലബോറട്ടറി

6) അതത് സ്ഥലത്തെ ഫിഷറീസ് സ്കൂൾ

7) അതത് സ്ഥലത്തെ ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളും

8) വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്ന് ഒരു സെക്ഷൻ

9) അതത് സ്ഥലത്തെ ടെയിലറിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ് സെന്റർ

10) അതത് സ്ഥലത്തെ ടെയിലറിംഗ് ട്രേഡ് സെന്റർ

11) പൊതുമരാമത്ത് വകുപ്പിൽ നിന്നും ഒരു എക്സിക്യൂട്ടീവ് എഞ്ചിനിയറും അനുബന്ധ സ്റ്റാഫും ഉൾപ്പെടുന്ന ഒരു ഡിവിഷൻ

12) ചെറുകിട ജലസേചന വകുപ്പിൽ നിന്നും ഒരു അസിസ്റ്റന്റ് എഞ്ചിനിയറും അനുബന്ധ സ്റ്റാഫും അടങ്ങുന്ന ഒരു സെക്ഷൻ

ഇവയ്ക്ക് പുറമെ കൃഷി വകുപ്പിൽ നിന്നും രണ്ട് കൃഷി ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളും, ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ തസ്തികയും, ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ തസ്തികയും, വ്യവസായ വകുപ്പിൽ നിന്നും ഒരു മാനേജർ തസ്തികയും അനുബന്ധ തസ്തികകളും, ഗ്രാമവികസന വകുപ്പിൽ നിന്നും ഒരു അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മിഷണർ തസ്തികയും, ഒരു വനിതാ ക്ഷേമ ഓഫീസർ തസ്തികയും, സഹകരണ വകുപ്പിൽ നിന്നും ഒരു അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയും ഒരു ക്ലാർക്ക് തസ്തികയും ജില്ലാ പഞ്ചായത്തിന് കൈമാറി നൽകിയിട്ടുണ്ട്.

## മുൻസിപ്പൽ കൗൺസിൽ/മുൻസിപ്പൽ കോർപ്പറേഷൻ

1) അതത് സ്ഥലത്തെ കൃഷി ഭവൻ

2) അതത് സ്ഥലത്തെ വെറ്ററിനറി പോളി ക്ലിനിക്, സബ്സെന്റർ, വെറ്ററിനറി ഡിസ്പെൻസറി

3) അതത് സ്ഥലത്തെ ഡേകെയർ സെന്ററുകളും അംഗൻവാടികളും, അതുപോലുള്ള മറ്റ് സ്ഥാപനങ്ങളും

4) അതത് സ്ഥലത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഗവൺമെന്റ് ആശുപത്രി, താലൂക്ക് ആശുപത്രി

5) അതത് സ്ഥലത്തെ താലൂക്ക് ആശുപത്രി (ആയുർവേദം)

6) അതത് സ്ഥലത്തെ താലൂക്ക് ആശുപത്രി (ഹോമിയോ)

7) അതത് സ്ഥലത്തെ ഗവൺമെന്റ് പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകള

ഇവയ്ക്കു പുറമെ കൃഷി വകുപ്പിൽ നിന്നും ഒരു കൃഷി ഡെപ്യൂട്ടി ഡയറക്ടർ തസ്തിക, മത്സ്യബന്ധന വകുപ്പിൽ നിന്നും ഒരു ഫിഷറീസ് സബ്ഇൻസ്പെക്ടർ തസ്തിക, വ്യവസായ വകുപ്പിൽ നിന്നും ഒരു ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തിക ഇവ മുനിസിപ്പൽ കോർപ്പറേഷന് കൈമാറി നൽകിയിട്ടുണ്ട്.